(എഫ്) ആരിൽ നിന്നെല്ലാമാണ് ചെമ്മീൻ തീറ്റ വാങ്ങിയത് ; എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ജി) ചെമ്മീൻ വിത്തും ചെമ്മീൻ തീറ്റയും വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ഏത് മത്സ്യവിദഗ്ദ്ധന്റെ ഉപദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത് ; ഇതുമൂലം ചെമ്മീൻ ഉല്പാദനത്തിൽ എന്ത് വർദ്ധനയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അഴിമുഖങ്ങളിൽ.

(സി) 1997-98-ൽ 82.75 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 1998-99-ൽ 46.20 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും വാങ്ങി.

(ഡി) സർക്കാർ ഹാച്ചറികളിൽ നിന്നും മത്സ്യഫെഡിന്റെ ഉടമസ്ഥതയിലുള്ള ഹാച്ചറികളിൽ നിന്നുമാണ് ചെമ്മീൻ വിത്തുകൾ വാങ്ങിയത്. 1997-98-ൽ 8.84 ലക്ഷം രൂപയും 1998-99-ൽ 5 ലക്ഷം രൂപയും ഇതിനായി ചെലവായി.

(ഇ) ചെമ്മീൻ തീറ്റ കടലിൽ വിതറിയിട്ടില്ല.

(എഫ്) ചോദ്യം ബാധകമല്ല.

(ജി) ചെമ്മീൻ വിത്ത് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നില്ല. കാരണം സർക്കാർ ഹാച്ചറികളിൽ നിന്നും മത്സ്യഫെഡ് ഹാച്ചറികളിൽ നിന്നുമാണ് അവ വാങ്ങിയത്. ചെമ്മീൻ തീറ്റ വാങ്ങിയിട്ടില്ല.

(എച്ച്) ഫിഷറീസ് വകുപ്പ് പരീക്ഷണാർത്ഥം നടപ്പിലാക്കി വരുന്ന കടലിൽ മത്സ്യകുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതിയനുസരിച്ചാണ് ഇപ്രകാരം ചെയ്തത്. 3 കോടിയോളം രൂപയുടെ ചെമ്മീൻ ഉല്പാദനം കടലിൽ വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

എൽ.ബി.എസ്സിന്റെയും ഐ.എച്ച്.ആർ.ഡി.യുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നടപടി

24 (*414) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) എൽ.ബി.എസിന്റെയും ഐ.എച്ച്.ആർ.ഡി.യുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ രണ്ട് സ്ഥാപനങ്ങളും നടത്തി വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(സി) എൽ.ബി.എസ്. ഇപ്പോൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് ;

(ഡി) എൽ.ബി.എസ്. ഏറ്റെടുക്കുന്ന കൺസൾട്ടൻസി വർക്കുകൾ ഏത് തരത്തിൽപ്പെടുന്നവയാണ് ; ഇതിനായി ഫീസ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഇ) ഐ.എച്ച്.ആർ.ഡിക്കായി സംസ്ഥാനസർക്കാർ എന്തെങ്കിലും ഗ്രാന്റ് നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ;

(എഫ്) എൽ.ബി.എസിലേയും ഐ.എച്ച്.ആർ.ഡി.യിലേയും ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ 4 എഞ്ചിനീയറിംഗ് കോളേജുകളും 7 പോളിടെക്നിക്കും 9 കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കോളേജുകളും 8 ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളും രണ്ട് മേഖലാ കേന്ദ്രങ്ങളും ഒരു എക്സ്റ്റൻഷൻ സെന്ററും എൽ.ബി.എസിന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജും 4 റീജിയണൽ യൂണിറ്റുകളും 20 സബ്സെന്ററുകളും കൂടാതെ ചില ലോക്കൽ സെന്ററുകളും ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) ഇത് സ്വാശ്രയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ്. അതിനാൽ ലാഭനഷ്ടത്തിന്റെ കാര്യം ഉദിക്കുന്നില്ല.

(ഡി) സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ജനറൽ, കംപ്യൂട്ടർ കൺസൾട്ടൻസി. അതാത് ജോലികളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

(ഇ) ഉണ്ട്. ഈ സാമ്പത്തിക വർഷം 560 ലക്ഷം രൂപ ഗ്രാന്റായി നൽകി.

(എഫ്) എൽ.ബി.എസിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. എന്നാൽ ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്താൻ നിശ്ചയിച്ചിട്ടുണ്ട്. സമാനസ്ഥാപനങ്ങളായ ഐ.എം.ജി. അനർട്ട്, രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തുടങ്ങിയവയിൽ 58 ഉം 60 ഉം വയസ്സാണ് പെൻഷൻ പ്രായം. അവയ്ക്ക് അനുസരണമായിട്ടാണ് ഐ.എച്ച്.ആർ.ഡി.യിലും പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[9-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24(*414)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

ഐ.എച്ച്.ആർ.ഡി

കോളേജ് ഓഫ് എൻജിനീയറിംഗ്, ചെങ്ങന്നൂർ
കോളേജ് ഓഫ് എൻജിനീയറിംഗ്, അടൂർ
കോളേജ് ഓഫ് എൻജിനീയറിംഗ്, കല്ലൂപ്പാറ
മോഡൽ കോളേജ് ഓഫ് എൻജിനീയറിംഗ്, എറണാകുളം

പോളിടെക്നിക്കുകൾ

മോഡൽ പോളിടെക്നിക്ക്, കരുനാഗപ്പള്ളി
മോഡൽ പോളിടെക്നിക്ക്, മറ്റക്കര, കോട്ടയം
മോഡൽ പോളിടെക്നിക്ക്, പൈനാവ്, ഇടുക്കി
മോഡൽ പോളിടെക്നിക്ക്, കല്ലേറ്റുംകര, മാള
മോഡൽ പോളിടെക്നിക്ക്, തിക്കോയി, പൂഞ്ഞാർ
മോഡൽ പോളിടെക്നിക്ക്, വടകര
മോഡൽ പോളിടെക്നിക്ക്, കല്യാശ്ശേരി

കോളേജ് ഓഫ് അപ്ലൈഡ് സയൻസ്

കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അടൂർ
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മാവേലിക്കര
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മല്ലപ്പള്ളി
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുതുപ്പള്ളി
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പീരുമേട്
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, വടക്കാഞ്ചേരി, പാലക്കാട്
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോഴിക്കോട്
കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പടുവം, തലശ്ശേരി

ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളുകൾ

ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, മല്ലപ്പള്ളി
ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, പുതുപ്പള്ളി
മോഡൽ ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, പീരുമേട്
മോഡൽ ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, കല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

മോഡൽ ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, കാംപ്രിശ്ശേരി, ചെങ്ങമനാട്
ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, തൊടുപുഴ
ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, വട്ടംകുളം
ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, വാഴക്കാട്

മേഖലാ കേന്ദ്രങ്ങൾ

തിരുവനന്തപുരം, എറണാകുളം (ഇടപ്പള്ളി)
എക്സ്റ്റൻഷൻ സെന്റർ, തിരൂർ

എൽ.ബി.എസ്.

Regional Units

1. Kalamassery
2. Thrissur
3. Kozhikode
4. Kannur

sub centres

1. Kollam
2. Kottayam
3. Nedumon
4. Pampady
5. Kollapally
6. Kollakkadavu
7. Allappey
8. Ettumannoor
9. Alathur
10. Kunnamkulam
11. Mavoor
12. Kondotty
13. Malappuram
14. Manjeri
15. Kanjangad
16. Koothuparamba
17. Payyannur
18. Kasargod
19. Niranam
20. Palakkad

LIBRARY ARCHIVES Kerala Legislative Assembly

Local Centres

1. Digidynamic ITC & Computer Centre, Vadakara, Calicut
2. Datatech Computer Institute, Vadakara, Calicut
3. Datatech Computer Centre, Mananthavady, Wayanad
4. Computech, Meladi, Calicut
5. Datapoint Computer Academy of Information Technology, Sulthan Bathery
6. Infotech, Quilandy, Calicut
7. Institute of Computer Education, Thirurangadi, Malappuram
8. Hightech Computer Centre, Panoor, Kannur
9. Uptech Computer Centre, Cherukunnu, Kannur
10. Comtech Yatheen Khan a Building, Thalassery, Kannur
11. Sir Syed College, Thaliparambu, Kannur
12. Al-Noor Technical Institute & Computre Centre, Vatanapally, Trichur
13. Comtech, Thaimodam, Changanacherry
14. Santhigiri Rehabilitation Centre, Thodupuzha

അനുബന്ധം V

[9-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27(*417)-ന്റെ 'എ'&'ബി' ഉത്തരം ദയവായി കാണുക]

1.	ക്ലാർക്ക്	-	130
2.	സെക്യൂരിറ്റി	-	50
3.	സ്വീപ്പർ	-	34
4.	എൽ.ജി.ഇ.	-	10
5.	ലിഫ്റ്റ് ഓപ്പറേറ്റർ	-	6
6.	ടൈപ്പിസ്റ്റ്	-	4
7.	ഡ്രൈവർ	-	10
8.	അസിസ്റ്റന്റ് ആർക്കിടെക്റ്റ്	-	1
9.	ഫീൽഡ് അസിസ്റ്റന്റ് (ജനറേറ്റർ)	-	1
10.	ഗാർഡനർ	-	1
11.	വയർമാൻ	-	1
12.	പമ്പ് ഓപ്പറേറ്റർ	-	1

LIBRARY ARCHIVES Kerala Legislative Assembly